**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2764** **06-10-2025 - ൽ മറുപടിയ്ക്ക്**

**അനെർട്ടിലെ കാർ വാങ്ങൽ .**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അനെർട്ട് സി. ഇ. ഒ. സ്ഥാപനത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക്ക് കാറുകൾ പർച്ചേസ് ചെയ്യുകയും അവ ഇതര വകുപ്പ്/സ്ഥാപന മേധാവികൾക്ക് പാട്ടത്തിന് കൊടുക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം വാങ്ങിയ കാറുകളുടെ എണ്ണം, മോഡൽ, റേറ്റ്, ആകെ എത്ര കോടി രൂപ ചെലവഴിച്ചു എന്നീ വിവരങ്ങൾ നൽകാമോ; ഈ പർച്ചേസ് നടത്തിയ അനെർട്ട് സി. ഇ. ഒ. ആരാണ് ; | (എ) | അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്ഥാപനത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക് കാറുകൾ പർച്ചേസ് ചെയ്തിട്ടില്ല. |
| (ബി) | ഇവ പാട്ടത്തിന് കൊടുക്കാനായി അനെർട്ട് സി. ഇ. ഒ. ഏർപ്പെടുത്തിയ വ്യവസ്ഥകൾ എന്തെല്ലാമാണ്; വാങ്ങിയ കാറുകളിൽ എത്ര എണ്ണം, ഏതു നിരക്കിൽ, എത്ര വർഷത്തേക്ക്, ആർക്കെല്ലാം, ഇതിനകം പാട്ടത്തിന് നൽകിയിട്ടുണ്ട് എന്നും ഇപ്പോഴത്തെ പാട്ട കാലാവധിക്ക് ശേഷം തുടർന്നുള്ള വർഷങ്ങളിൽ ഈ കാറുകൾ എന്തു ചെയ്യാനാണ് അനെർട്ട് ഉദ്ദേശിക്കുന്നത് എന്നും അറിയിക്കാമോ; | (ബി) | അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്ഥാപനത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക് കാറുകൾ പർച്ചേസ് ചെയ്തിട്ടില്ല. |
| (സി) | ഇപ്രകാരം കാറുകൾ പാട്ട വ്യവസ്ഥയിൽ സ്വീകരിച്ച സർക്കാർ വകുപ്പുകൾക്ക് ഈ പദ്ധതി സമ്പത്തികമായി വൻ നഷ്ടം ഉണ്ടാക്കുന്നതായി പരിശോധന നടത്തിയിട്ടുണ്ടോ; | (സി) | അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്ഥാപനത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക് കാറുകൾ പർച്ചേസ് ചെയ്തിട്ടില്ല. |
| (ഡി) | ഇപ്രകാരം അനെർട്ടിന്റെ തനതു ഫണ്ട് ഉപയോഗിച്ച് കാറുകൾ വാങ്ങാനും അവ മേൽപറഞ്ഞ പാട്ട വ്യവസ്ഥ പ്രകാരം സർക്കാർ വകുപ്പ്/സ്ഥാപന മേധാവികൾക്ക് പാട്ടത്തിനു നൽകാനും അനെർട്ട് സി. ഇ. ഒ. യ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വേണമായിരുന്നോ; എങ്കിൽ പ്രസ്തുത അനുമതി ഉണ്ടായിരുന്നോ; | (ഡി) | അനെർട്ടിനു സർക്കാർ വകുപ്പുകൾ നൽകിയ അഡ്വാൻസ് തുകയും, ഇലക്ട്രിക് കാർ ലീസ് വ്യവസ്ഥയിൽ നൽകുന്നതിനുള്ള പ്രൊജക്റ്റ് ഫണ്ട് ഉപയോഗിച്ചും, അനെർട്ടിനുള്ള സർക്കാർ ഫണ്ട്, ഉപയോഗിക്കാതെയും, ഇലക്ട്രിക് കാറുകൾ വാങ്ങാനും, പാട്ടവ്യവസ്ഥ പ്രകാരം സർക്കാർ വകുപ്പുകൾക്ക് പാട്ടത്തിനു നൽകുവാനും അനെർട്ടിന്റെ 01/11/2024 - നു കൂടിയ 60-മത് Executive Committee അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇല്ലെങ്കിൽ അനെർട്ട് സി. ഇ. ഒ. സ്വന്തം നിലക്ക് നടത്തിയ ഈ സാമ്പത്തിക ക്രമക്കേടിനെയും അഴിമതിയെയും പറ്റി അന്വേഷിക്കാനും അനെർട്ടിനും ഇതര സർക്കാർ വകുപ്പുകൾക്കും സംഭവിച്ച സാമ്പത്തിക നഷ്ടങ്ങൾ തിരിച്ചു പിടിക്കാനും സർക്കാർ തയ്യാറാകുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ